Draft #1 of File 9561/AC A8/3/2019/AC A 8 Approved by ASSISTANT REGISTRAR II ACADEMIC on 23-Mar-2019 12:45 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം -ഗ്രേസ് ഗ്രേഡ് പോയിന്റ്- അന്തർദ്ദേശീയ തലത്തിലുള്ള മത്സരത്തിൽ പങ്കെടുത്ത സമയത്ത് നടന്ന റെഗുലർ പരീക്ഷ എഴുതുവാൻ കഴിയാതിരുന്ന വിദ്യാർത്ഥിയ്ക്ക് സപ്ലിമെന്ററി പരീക്ഷയിലേക്ക് ഗ്രേസ് ഗ്രേഡ് പോയിന്റ് അനുവദിച്ച് ഉത്തരവാകുന്നു .

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 1162/AC A 8/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.03.2019

---

പരാമർശം:-(1) 16.04.2016-ലെ 2206 / 01 /AC AVIII /2016 നമ്പർ സർവകലാശാലാ ഉത്തരവ് .
(2) 01.10.2018-ൽ ശ്രീ.വിനീത് ആർ സർവകലാശാലയിൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

അന്തർദ്ദേശീയ തലത്തിലുള്ള സോഫ്റ്റ്ബോൾ മത്സരത്തിൽ പങ്കെടുത്തതിനാൽ 2017 ജൂൺ മാസം നടന്ന രണ്ടാം സെമസ്റ്റർ എം.കോം. പരീക്ഷയും, ചിക്കൻ പോക്സ് രോഗബാധിതനായതിനാൽ 2018 ജൂൺ മാസം നടന്ന രണ്ടാം സെമസ്റ്റർ ആദ്യ സപ്ലിമെന്ററി പരീക്ഷയും എഴുതുവാൻ കഴിയാതിരുന്ന പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ 2016-18 ബാച്ച് എം.കോം വിദ്യാർത്ഥിയായ ശ്രീ.വിനീത് ആർ , അർഹമായ ഗ്രേസ് ഗ്രേഡ് പോയിന്റ് 2019 ജൂൺ മാസത്തിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിലേക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം(2) പ്രകാരം സർവകലാശാലയിൽ അപേക്ഷ സമർപ്പിച്ചു.

പ്രതിഭാധനരായ വിദ്യാർത്ഥികൾ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി പോകുമ്പോൾ റെഗുലർ പരീക്ഷയ്ക്ക് ശേഷം വരുന്ന ആദ്യ അവസരം നഷ്ടപ്പെടുകയാണെങ്കിൽ അവർക്ക് അർഹമായ ഗ്രേസ് ഗ്രേഡ് പോയിന്റ് രണ്ടാമത്തെ സപ്ലിമെന്ററി പരീക്ഷയിൽ അവകാശപ്പെടാൻ കഴിയുമെന്ന് പരാമർശം(1) ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

അന്തർദ്ദേശീയ തലത്തിലുള്ള മത്സരത്തിൽ പങ്കെടുത്ത സമയത്ത് നടന്ന റെഗുലർ പരീക്ഷയും ചിക്കൻപോക്സ് രോഗബാധിതനായതിനാൽ ആദ്യ സപ്ലിമെന്ററി പരീക്ഷയും നഷ്ടപ്പെട്ട ടി വിദ്യാർത്ഥിയ്ക്ക് 2019-ൽ നടക്കാനിരിക്കുന്ന രണ്ടാം സെമസ്റ്റർ പരീക്ഷ, ഗ്രേസ് ഗ്രേഡ് പോയിന്റ് നൽകുന്നതിനുള്ള ആദ്യ അവസരമായി പരിഗണിച്ച്, ഗ്രേസ് ഗ്രേഡ് പോയിന്റ് നൽകുവാൻ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പി.എസ്
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ
3. ജെ.ആർ /ഡി.ആർ/എ ആർ (അക്കാദമിക്/പരീക്ഷ )
4 .ഇ.എച്ച് 7 സെക്ഷൻ
5. ശ്രീ.വിനീത് ആർ , പാറയ്ക്കൽ ,ഇടപ്പെട്ടി , കല്പറ്റ നോർത്ത് പി.ഓ , വയനാട് -673122
6 . ഫയൽ പകർപ്പ് /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം